LIBRARY ARCHIVES Kerala Legislative Assembly

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലം നിർമ്മാണം

161 [2232] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെള്ളാപ്പ-ഇടയിലക്കാട്, തട്ടാർക്കടവ്, തലിച്ചാലം, കുണിയൻ എന്നിവിടങ്ങളിലെ നിർദ്ദിഷ്ട പാലം നിർമ്മാണ പ്രവൃത്തികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ തട്ടാർകടവ്, തലിച്ചാലം, കുണിയൻപുഴ എന്നീ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കി വരുന്നു. വലിയപറമ്പ, ഇടയിലക്കാട് ദ്വീപുകളെ ബന്ധിപ്പിക്കുന്ന വെള്ളാപ്പ പാലത്തിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് എൽ.ബി.എസ്. തയ്യാറാക്കി വരുന്നു.

തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ കാര്യങ്കോട് പുഴയിൽ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം

162 [2233] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിലെ പാടിയോട്ട്ചാലിനെയും ഈസ്റ്റ് എളേരി പഞ്ചായത്തിനേയും ബന്ധിപ്പിച്ചുകൊണ്ട് കാര്യങ്കോട് പുഴയിൽ ഒരു പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലപ്പുറം കോട്ടയ്ക്കൽ റൂട്ടിലെ നൂറാടിപ്പാലം തകർന്നതിനെത്തുടർന്ന് ഏർപ്പെടുത്തിയ ബദൽ സംവിധാനം

163 [2234] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടയ്ക്കൽ റൂട്ടിലെ നൂറാടിപ്പാലം തകർന്നതിനെത്തുടർന്ന് ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) താൽക്കാലിക പാലവും റോഡും നിർമ്മിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുതയിനത്തിൽ ആകെ എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൂറാടിപ്പാലം തകർന്നതിനെ തുടർന്ന് ചെറിയ വാഹനങ്ങൾക്ക് കടന്നുപോകുവാൻ ഡൈവേർഷൻ റോഡ് നിർമ്മിച്ചു. മഴക്കാലത്ത് പുഴ നിറഞ്ഞ് ഡൈവേർഷൻ റോഡ് തകർന്നപ്പോൾ കാൽനട യാത്രക്കാർക്കുവേണ്ടി തൂക്കുപാലം നിർമ്മിച്ചു. വലിയ വാഹനങ്ങൾ പാണക്കാടുവഴി ഒതുക്കങ്ങലിലേക്ക് പോകുവാൻ സൗകര്യമുണ്ടാക്കി. പുതിയ പാലം പണി കഴിഞ്ഞതിനാൽ ഇപ്പോൾ പുതിയ പാലത്തിൽകൂടി വാഹനഗതാഗതം ഉണ്ട്.

(ബി) ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ പ്രകാരമാണ് ഈ പ്രവൃത്തി ചെയ്തത്.

(സി) 68.32 ലക്ഷം രൂപ.

മാനന്തവാടി പാലത്തിനു സമീപമുള്ള പൊതുമരാമത്ത് വകുപ്പുവക സ്ഥലം കൈയേറ്റം

164 [2235] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി പാലത്തിന് സമീപമുള്ള പൊതുമരാമത്ത് വകുപ്പിന്റെ വക സ്ഥലം സ്വകാര്യ വ്യക്തി കൈയേറിയതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പരാതി ലഭിച്ചിട്ട് എത്ര കാലമായി എന്നും ഇതു സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് മുഖേനയോ മറ്റേതെങ്കിലും വകുപ്പ് മുഖേനയോ ആർക്കെങ്കിലും ലീസിന് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്ക് എത്ര കാലത്തേക്ക് കൊടുത്തുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly